പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5960 | 28.03.2018 ൽ മറുപടിയ്ക്ക്

മണലൂർ പാവറട്ടി സപ്ലൈകോ സൂപ്പർ മാർക്കറ്റിന്റെ ശോചനീയാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതുമൂലം ആളുകൾക്ക് അവർക്കാവശ്യമായ സാധനം പ്രയാസം കൂടാതെ വാങ്ങുന്നതിനായി മണലൂർ എം.എൽ.എ മുഖേന നൽകിയ കത്തിന്മേൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രിയുടെ 20.12.2017 ലെ 756/M(FCS) നമ്പരായി സപ്ലൈകോയുടെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദവിവരം ലഭ്യമാക്കാമോ; | (ബി) യും (സി) യും പാവറട്ടി സൂപ്പർ മാർക്കറ്റിന്റെ റാക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് സപ്ലൈകോയുടെ അംഗീകൃത ഫർണീഷിംഗ് കോൺട്രാക്ടറായ സാറാ ഇംപോർട്ട് & എക്സ്പോർട്ട് കമ്പനി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സപ്ലൈകോ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ടി സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചാലുടനെ ഫർണിഷിംഗ് ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) ഈ സൂപ്പർമാർക്കറ്റിന് പുതിയ റാക്കുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ